(ബി) റീ-സർവ്വേ പൂർത്തിയായ വില്ലേജുകളിൽ സർവ്വേയിൽവന്ന അപാകതകൾ പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരാതികൾ വില്ലേജുതലത്തിൽത്തന്നെ അതിവേഗം തീർപ്പാക്കാൻ സർവ്വേ വകുപ്പിൽ നിന്നുള്ള റേഞ്ചുതല ഉദ്യോഗസ്ഥരെ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റീ-സർവ്വേ സംബന്ധിച്ചുള്ള പരാതികൾ അഡീഷണൽ തഹസിൽദാരുടെ മേൽനോട്ടത്തിൽ പരിഹരിച്ചുവരുന്നു.

(സി) വില്ലേജുതലത്തിൽ അതിവേഗം തീർപ്പാക്കാൻ സർവ്വേ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെ ലഭ്യമാക്കിയിട്ടുണ്ട്.

റീ-സർവ്വേ സംബന്ധിച്ച പരാതികൾ

205 (7178) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ.സർവ്വേ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് വില്ലേജ് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും നൽകിയ 3-5-2012-ലെ 8612/സി.എം.പി.ജി.ആർ.സി3/2012/ജി.എ.ഡി. നിർദ്ദേശപ്രകാരം എത്ര വില്ലേജുകളിൽ അദാലത്തുകൾ സംഘടിപ്പിച്ചു ; വിശദാംശം നൽകുമോ ;

(സി) ഇനി ഏതെല്ലാം വില്ലേജുകളിൽ അദാലത്തുകൾ സംഘടിപ്പിക്കാനുണ്ട് ; വിശദാംശം നൽകുമോ ; ആയതിന്റെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത നിർദ്ദേശം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly